പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1796      12.06.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യുടെ കടബാദ്ധ്യത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കടബാദ്ധ്യത എത്ര കോടി രൂപയാണെന്ന് അറിയിക്കുമോ; | (എ) | സർക്കാർ വായ്പയ്ക്ക് പുറമെ 03/2019-ൽ 3067.54 കോടി രൂപയുടെ കടം കൺസോർഷ്യം വായ്പയുമായി ബന്ധപ്പെട്ട് നിലവിലുണ്ട്. കൂടാതെ എൻ.ഡി.ആർ, ജീവനക്കാരുടെ ശമ്പളം, സപ്ലിമെന്ററി, മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് എന്നീ ഇനങ്ങളിലായി 38.39 കോടി രൂപയും, എൻ.പി.എസ്, പ്രോവിഡന്റ് ഫണ്ട്, ഡീസൽ, സപ്ലൈയേഴ്സ്, ടാക്സ് എന്നീ ഇനങ്ങളിലായി 280.11 കോടി രൂപയും കുടിശ്ശികയായുണ്ട്. സർക്കാർ വായ്പക്ക് പുറമെ മൊത്തം കടം 3386.04 കോടി രൂപയാണ്. |
| (ബി) | പ്രതിവർഷ കടബാദ്ധ്യതയിൽ എത്ര കോടി രൂപയുടെ ശരാശരി വർദ്ധനവാണ് ഉണ്ടാകുന്നത്; | (ബി) | 31/03/2018-ന് 3100 കോടി രൂപ കൺസോർഷ്യം വായ്പ എടുത്തതിന് ശേഷം, സർക്കാർ ധനസഹായമല്ലാതെ കടം എടുത്ത വകയിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (സി) | വിവിധ സ്ഥാപനങ്ങൾക്ക് കെ.എസ്. ആർ.ടി.സി. പലിശയിനത്തിൽ മാത്രം പ്രതിവർഷം നൽകുന്ന | (സി) | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ലക്ഷ്മി വിലാസ് ബാങ്ക്, കാനറ ബാങ്ക്, ആന്ധ്ര ബാങ്ക്, യൂണിയൻ ബാങ്ക്, വിജയ ബാങ്ക്, കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് |

<table>
<tr><td></td><td>ശരാശരി തുക എത്രയെന്ന് സ്ഥാപനം തിരിച്ച് അറിയിക്കുമോ;</td><td></td><td>പലിശയിനത്തിൽ പ്രതിവർഷം ശരാശരി 280 കോടി രൂപ കൺസോർഷ്യം വായ്പയുമായി ബന്ധപ്പെട്ട് നൽകി വരുന്നു. കൺസോർഷ്യം വായ്പ ഇനത്തിൽ ബാങ്കുകൾക്ക് നൽകേണ്ട പലിശയുടെ വിവരം ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ബാങ്കുകളുടെ പേര്</th><th>പലിശ ഇനത്തിൽ നൽകുന്ന തുക (തുക കോടി രൂപയിൽ)</th></tr>
<tr><td>സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ</td><td>91.00</td></tr>
<tr><td>കാനറ ബാങ്ക്</td><td>45.00</td></tr>
<tr><td>വിജയ ബാങ്ക്</td><td>45.00</td></tr>
<tr><td>ലക്ഷ്മി വിലാസ് ബാങ്ക്</td><td>14.00</td></tr>
<tr><td>കെ.റ്റി.ഡി.എഫ്.സി.</td><td>13.00</td></tr>
<tr><td>ആന്ധ്ര ബാങ്ക്</td><td>45.00</td></tr>
<tr><td>യൂണിയൻ ബാങ്ക്</td><td>27.00</td></tr>
<tr><td>ആകെ</td><td>280.00</td></tr>
</table></td></tr>
<tr><td>(ഡി)</td><td>പ്രതിദിനം എത്ര കെ.എസ്.ആർ. ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്;</td><td>(ഡി)</td><td>06.06.2019-ലെ കണക്കനുസരിച്ച് 4915 ബസ്സുകൾ സർവ്വീസ് നടത്തിവരുന്നു.</td></tr>
<tr><td>(ഇ)</td><td>നിലവിൽ കട്ടപ്പുറത്തുള്ള കെ.എസ്. ആർ.ടി.സി. ബസ്സുകളുടെ എണ്ണമെത്രയാണ്; ഒരു ബസ്സിന് എത്ര ജീവനക്കാർ എന്നതാണ് സംസ്ഥാനത്തെ അനുപാതം; ആയതിന്റെ ദേശീയ അനുപാതം എത്രയാണ്;</td><td>(ഇ)</td><td>05.06.2019 ലെ കണക്കനുസരിച്ച് കെ.എസ്.ആർ.ടി.സി.യുടെ 668 ബസ്സുകളും, കെ.യു.ആർ.ടി.സി.യുടെ 196 ബസ്സുകളുമാണ് കട്ടപ്പുറത്തുള്ളത്.<br>കെ.എസ്.ആർ.ടി.സിയിലെ ബസ്-സ്റ്റാഫ് അനുപാതം 8.7 എന്ന നിലയിലായിരുന്നത് ദേശീയ ശരാശരിയേക്കാൾ മെച്ചപ്പെടുത്തി 5 എന്ന ലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള നടപടികളാണ് നിലവിൽ കൈക്കൊണ്ടു വരുന്നത്. ബസ് - സ്റ്റാഫ് ദേശീയ അനുപാതം 5.5 ആണ്.</td></tr>
<tr><td>(എഫ്)</td><td>അന്തർസംസ്ഥാന സർവ്വീസുകളുടെ കാര്യത്തിൽ കെ.എസ്.ആർ.ടി.സി. കാട്ടുന്ന അലംഭാവം ശ്രദ്ധയിൽപ്പെട്ടി</td><td>(എഫ്)</td><td>അയൽ സംസ്ഥാനങ്ങളുമായി രൂപീകരിക്കുന്ന അന്തർ സംസ്ഥാന ഗതാഗത കരാർ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.</td></tr>
</table>

| | | | |
|---|---|---|---|
| | ട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | ആർ.ടി.സി അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. തമിഴ്നാടുമായുള്ള അന്തർസംസ്ഥാന ഗതാഗത നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും, ആയത് പ്രകാരം 2019 ഏപ്രിൽ മുതൽ കോയമ്പത്തൂർ, സേലം വഴി ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളതുമാകുന്നു. ആദ്യഘട്ടമായി കോട്ടയം-കോയമ്പത്തൂർ, കോട്ടയം-പളനി, തൃശ്ശൂർ-ഊട്ടി, എറണാകുളം-പളനി, മാനന്തവാടി-കോയമ്പത്തൂർ, സുൽത്താൻ ബത്തേരി-കോയമ്പത്തൂർ, അർത്തുംഗൽ - വേളാങ്കണ്ണി - കോയമ്പത്തൂർ, കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ എന്നീ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ ബസ്സുകൾ ലഭ്യമാക്കി ടി കരാർ പ്രകാരമുള്ള അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**